**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5735** **24-03-2025 - ൽ മറുപടിയ്ക്ക്**

**കമ്മ്യൂണിറ്റിതല അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഓഡിറ്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റും തദ്ദേശ സ്വയംഭരണ വകുപ്പും ശുചിത്വ മിഷനും സംയുക്തമായി സംസ്ഥാന വ്യാപകമായി നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്മ്യൂണിറ്റി തല അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഓഡിറ്റിംഗ് നടപടികൾ വിശദീകരിക്കാമോ; | (എ) | മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിന് കീഴിൽ വിവിധ കോളേജുകളിലും ഹയർ സെക്കൻഡറി സ്കൂളുകളിലും പ്രവർത്തിച്ച് വരുന്ന ഭൂമിത്രസേന ക്ലബ്ബുകൾ മുഖേന സംസ്ഥാനത്തെ നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ വിലയിരുത്തൽ നടത്താൻ 'Auditing of Exisiting Waste Management Facilities in the State by Bhoomithrasena Clubs വിഭാവനം ചെയ്യുകയും ആദ്യഘട്ടത്തിൽ 108 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഓഡിറ്റിംഗിനായി തിരഞ്ഞെടുക്കുകയും ചെയ്തു. തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലുള്ള അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അവലോകനം നടത്തുന്നതിനായി ഓഡിറ്റിംഗിന് ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കുന്നതിനും ഓഡിറ്റിംഗിന്റെ ഫലപ്രദമായ നടത്തിപ്പിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. |
| (ബി) | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത ഓഡിറ്റിംഗിൽ പങ്കെടുക്കുന്നതെന്നും എന്തെല്ലാം കാര്യങ്ങളാണ് ഓഡിറ്റിംഗിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന്റെ കീഴിലുള്ള ഭൂമിത്രസേന ക്ലബ്ബുകൾ മുഖേനയാണ് സംസ്ഥാനത്ത് നിലവിലുള്ള മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ ഓഡിറ്റിംഗ് നടപ്പിലാക്കിയത്. അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളിൽ വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശങ്ങളാണ് ടി ഓഡിറ്റിങ്ങിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പ്രവർത്തനത്തിന് വേണ്ട സമ്പൂർണ്ണ പിൻതുണ തദ്ദേശ സ്വയംഭരണ വകുപ്പും ശുചിത്വ മിഷനും നൽകിയിരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഓഡിറ്റിംഗ് സംസ്ഥാനത്ത് നടപ്പിൽ വരുത്തിയോ; എങ്കിൽ ആയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ഭൂമിത്ര സേന മുഖേനയുള്ള ഓഡിറ്റിംഗ് സംസ്ഥാനത്ത് നടപ്പിൽ വരുത്തി. ഭൂമിത്ര സേന നടത്തിയ അജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സർവ്വേ റിപ്പോർട്ട് പ്രകാരം, 108 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സർവ്വേ നടത്തുകയും, 122 മാലിന്യസംസ്കരണ സംവിധാനങ്ങളിലും 105 MCF, 5 RRF, 12 MCF Cum RRF കളിലും സർവ്വേ നടത്തുകയും ചെയ്തു. ആയതിന്റെ റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ